# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3532** 30.01.2014-ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് സർവ്വീസ് രൂപീകരണം

ചോദ്യം

**ശ്രീ. കെ.വി.വിജയദാസ്**

മറുപടി

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) കേരള സ്റ്റേറ്റ് സർവ്വീസ് രൂപീകരണം സർക്കാരിന്റെ അജണ്ടയിലുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഇതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിയോഗിച്ച സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സർവ്വീസിന്റെ ഘടന, രൂപീകരണം, നിയമനം, സ്പെഷ്യൽ റൂൾസ് എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം ലഭ്യമാക്കാമോ;

(ഡി) എന്നുമുതൽ പ്രസ്തുത സർവ്വീസ് നിലവിൽ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും

ആദ്യ ഗസറ്റഡ് തസ്തികയിലോ അതിനു മുകളിലുള്ളതോ ആയ തസ്തികകളിൽ ഉൾപ്പെടുന്ന സാങ്കേതികേതര തസ്തികകളുടെ 25% വരുന്ന കേഡർ സ്ട്രെങ്ങ്തോടെ 'കേരള സിവിൽ സർവ്വീസ് ' രൂപീകരിക്കാൻ മൂന്നാം കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ 9-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. എന്നാൽ വിശദമായ ചർച്ചയും കൂടിയാലോചനയും ആവശ്യമായ വിഷയമായതിനാൽ ഇക്കാര്യം പരിഗണിക്കേണ്ടതില്ലെന്ന് 24.01.2007-ൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് പ്രൊമോഷൻ വഴി ഐ.എ.എസ്. ലഭ്യമാകുന്ന ഉദ്യോഗസ്ഥരുടെ അഭാവം മൂലം സംസ്ഥാന സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച സാധ്യതാ പഠനത്തിനായി ഒരു കമ്മിറ്റി 24.09.2013-ലെ സർക്കാർ ഉത്തരവ്

(ഇ) ഇത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

(സാധാ.) നമ്പർ. 7725/2013/GAD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം പുരോഗമിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ